ഉത്തരം

(എ) മുൻകാലങ്ങളെ അപേക്ഷിച്ച് കള്ളനോട്ടുകളുടെ പ്രചാരം കുറവായിട്ടാണ് കാണുന്നത്.

(ബി) 233 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 371 പ്രതികൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് കേന്ദ്രീകരിച്ച് ഓരോ ഡി.വൈ.എസ്.പി.മാരുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും കള്ളനോട്ടിന്റെ ഉല്പാദനവും പ്രചാരണവും തടയുന്നതിന് പ്രത്യേക സ്ക്വാഡുകൾ പ്രവർത്തിച്ചുവരുന്നു. ഈ സ്ക്വാഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി ഇപ്പോൾ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ പോലീസ് സൂപ്രണ്ടുമാരുടെ നേരിട്ടുള്ള നിയന്ത്രണത്തിലാക്കിയിട്ടുണ്ട്.

എൻ.ഡി.എഫ്. പ്രവർത്തകർ പ്രതികളായിട്ടുള്ള കേസുകൾ

57 [5201] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എൻ.ഡി.എഫ് പ്രവർത്തകർ പ്രതികളായിട്ടുള്ള എത്ര കൊലപാതക കേസുകളാണ് നടന്നിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര കേസുകളിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം കോടതിയിൽ സമർപ്പിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 6 കേസുകൾ.

(ബി) 4 കേസുകളിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

ഭവനഭേദനവും പകൽമോഷണവും അവസാനിപ്പിക്കാൻ നടപടി

58 [5202] ശ്രീ. കെ. നാരായണക്കുറുപ്പ്:
,, തോമസ് ചാഴിയാടൻ:
,, റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്ധ്യതിരുവിതാംകൂർ മേഖലയിൽ ഭവനഭേദനവും പകൽ മോഷണവും വ്യാപകമായിട്ടുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇങ്ങനെയുള്ള മോഷ്ടാക്കളിൽ നല്ലൊരു ശതമാനം ഭിക്ഷാടകരായ നാടോടികളും വാഹനങ്ങളിൽ വന്ന് ആഭരണം കവർന്നെടുക്കുന്നവരും ആണെന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly